"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൊടുപുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.ജി അജേഷിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1163/2023/LSGD തീയതി,തിരുവനന്തപുരം, 03-06-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.06.2020 ലെ ഇ8(എസ്.സി.46/19/ഐ.ഡി.കെ) 20087/2019 നമ്പർ കത്ത്
2. 24.02.2021 ലെ വിജി-ഡി1/474/2020-വിജി നമ്പർകത്ത്
3. 17.05.2022 ലെ ഇ.യു1/234/2021 നമ്പർ കുറ്റാരോപണ മെമ്മോ
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.റ്റി.ജി.അജേഷ് സമർപ്പിച്ച 30.07.2022 ലെ മറുപടി
5. തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടറുടെ 13.12.2022 ലെ DUA/7225/23-V3 നമ്പർ കത്ത്

**ഉത്തരവ്**

തൊടുപുഴ മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിലെ സിസിലിയ ഹോട്ടലിന്റെ എക്സ്റ്റൻഷൻ പണികൾക്ക് 04.09.2003 ൽ നൽകിയ പെർമിറ്റ് റദ്ദ് ചെയ്ത് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ച് സർക്കാരിൽ നിന്നും അയച്ച കത്ത് മുനിസിപ്പാലിറ്റിയിൽ ലഭിച്ച സമയം മുതൽ 21.12.2017 വരെ യാതൊരു നടപടിയും സ്വീകരിക്കാതെ ഓവർസീയർ കൈവശം വച്ച് കൃത്യ നിർവഹണത്തിൽ വീഴ്ച വരുത്തിയതിനാൽ ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.ജി.അജേഷ് മേൽനോട്ട ചുമതല വഹിക്കുന്നതിലും സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിലും വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു. ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള സിവിൽ സർവീസ് തരം തിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോ/ പത്രികയ്ക്ക് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.ജി.അജേഷ് പരാമർശം 4 പ്രകാരം മറുപടി സമർപ്പിച്ചു.

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.ജി.അജേഷ് സമർപ്പിച്ച മറുപടിയിൽ സർക്കാരിൽ നിന്നുള്ള 16.02.2015 ലെ 40120/ആർ.എ3/2008/തസ്വഭവ കത്ത് നഗരസഭാ ഓഫീസിൽ 14.05.2015 തീയതിയിൽ ലഭിച്ചിട്ടുള്ളതാണെന്നും ചാർജ്ജുള്ള ഉദ്യോഗസ്ഥൻ Put up with B/F Urgent steps എന്ന് തപാലിൽ തന്നെ നിർദേശം നൽകിയിട്ടുള്ളതായി കാണുന്നുവെന്നും ടി ഫയൽ കൈകാര്യം ചെയ്തു വന്നിരുന്ന വകുപ്പ് ഉദ്യോഗസ്ഥൻ ബി.എ -246/03 സിസിലിയ ഹോട്ടൽ എന്ന ഫയലിൽ സർക്കാരിൽ നിന്നുള്ള കത്ത് നോട്ട് ഫയലിൽ പേജ് 34 ൽ രേഖപ്പെടുത്തുകയും തുടർന്ന് മേലുദ്യോഗസ്ഥന് തുടർനടപടിയ്ക്കുള്ള നിർദ്ദേശങ്ങൾക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. 2015 മെയ് മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സർക്കാരിൽ നിന്നുള്ള ടി തപാൽ നഗരസഭയിൽ ലഭിക്കുന്ന സമയത്ത് ശ്രീ.റ്റി.ജി.അജേഷ് ലീവിൽ ആയിരുന്നു എന്നും തിരികെ 18.05.2015 ൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ നഗരസഭയിൽ നിന്നും വിടുതൽ ചെയ്യുന്ന 21.12.2017 വരെ ടി തപാൽ ടിയാന്റെ ശ്രദ്ധയിൽ വന്നിട്ടില്ലാത്തതും കണ്ടിട്ടില്ലാത്തതുമാണെന്ന് ശ്രീ.റ്റി.ജി.അജേഷ് മറുപടിയിൽ പറഞ്ഞിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് വീഴ്ച വരുത്തിയിട്ടില്ലാത്തതിനാൽ കുറ്റാരോപണ പത്രികയിൽ ആരോപിച്ചിട്ടുള്ള നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു.

3. ശ്രീ.റ്റി.ജി.അജേഷിന്റെ പേഴ്സണൽ ഫയൽ ആയ ജി1-17504/2014 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്ന് 20.04.2015 മുതൽ 30 ദിവസത്തേക്ക് ടിയാൻ അർദ്ധവേതനാവധിയിലായിരുന്നു എന്നും നഗരസഭാ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീ.പി.എൽ.ജോസഫിന് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ശ്രീ.റ്റി.ജി.അജേഷ് ലീവ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചതിനു ശേഷം ടി ഫയൽ തുടർനടപടികൾക്കായി സെക്രട്ടറിയ്ക്ക് സമർപ്പിച്ചതായി കാണാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ടി വിഷയം ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ.റ്റി.ജി.അജേഷ്-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലാത്തതിനാൽ ശ്രീ.റ്റി.ജി.അജേഷ് നൽകിയ മറുപടി അംഗീകരിക്കാവുന്നതാണെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരവും തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ പരാമർശം (5) പ്രകാരം

റിപ്പോർട്ട് സമർപ്പിച്ചു.

4. ശ്രീ.റ്റി.ജി.അജേഷ് നൽകിയ മറുപടി കുറ്റാരോപണ മെമ്മോയ്ക്ക് ആധാരമായിട്ടുള്ള 16.02.2015 ലെ 40120 ആർ.എ2/2008/തസ്വഭവ നമ്പർ കത്ത് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന തൊടുപുഴ നഗരസഭയിലെ ബി.എ-246/03-04 നമ്പർ ഫയൽ നഗരകാര്യ ഡയറക്ടറുടെ 17.04.2015 ലെ ഇ2-8026/2015 നമ്പർ ഉത്തരവ് തൊടുപുഴ നഗരസഭയുടെ 2015 മെയ് മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിലും തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ചതിലും കുറ്റാരോപണ പത്രികയിൽ പ്രതിപാദിച്ചിട്ടുള്ള 16.02.2015 ലെ 40120/ആർ.എ2/2008/തസ്വഭവ നമ്പർ കത്ത് ശ്രീ.റ്റി.ജി.അജേഷിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല എന്നും, ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ചയില്ലായെന്നും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

5. ഇതേ സമയം ശ്രീ.ടി ജെ അജേഷ് ഫയൽ ചെയ്ത ഒ എ 677/2023 നമ്പർ 15.05.2023 ലെ ഇടക്കാല ഉത്തരവിൽ ഇപ്രകാരം ഉത്തരവായിരുന്നു.

"There will be an interim direction to the 1st respondent to take a decision as to whether the disciplinary proceedings proposed against the applicant can be dropped or not, at the earliest, at any rate, within a period of one month from the date of receipt of a copy of this order.

In the meanwhile, the 5th respondent is directed to consider the applicant for promotion on a provisional basis subject to the decision of the Government which will be taken as directed above and subject to further orders from this Tribunal".

6. സർക്കാർ ഇക്കാര്യം വിജിലൻസ് ഡയറക്ടറുടെ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെയും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും ശ്രീ.അജേഷിന്റെ പ്രതിവാദ പത്രികയിലെ വാദഗതികളുടേയും അടിസ്ഥാനത്തിലും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ശ്രീ.റ്റി.ജി അജേഷിനെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ തുടർ നടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ. എ. നം.677/2023 യിന്മേലുള്ള 15.05.2023 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.റ്റി.ജി.അജേഷ്, മുനിസിപ്പൽ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ,വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
വിജിലൻസ് (എഫ്) വകുപ്പ് (VIG-F1/149/2023-VIG തീയതി 26.05.2023)
തദ്ദേശ സ്വയംഭരണ(ആർ.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-06-2023 16:40:48
സെക്ഷൻ ഓഫീസർ